**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**
**കീം 2022**
**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം-2022**
**സാമുദായിക/പ്രത്യേക സംവരണം/മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

2022 ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള (കീം 2022) പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ വിവിധ കാറ്റഗറി/കമ്മ്യൂണിറ്റി സംവരണം/ഫീസാനുകൂല്യം എന്നിവയ്ക്ക് അർഹരായവരുടെ താത്ക്കാലിക ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. നിശ്ചിത തീയതിക്കകം കാറ്റഗറി/കമ്മ്യൂണിറ്റി/നേറ്റിവിറ്റി/വരുമാനം/പ്രത്യേക സംവരണം എന്നിവ തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചവരെ ഉൾപ്പെടുത്തിയാണ് കാറ്റഗറി ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാർത്ഥികൾക്ക് **'KEAM 2022-Candidate Portal'** ലെ **'Category List Provisional'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് കാറ്റഗറി ലിസ്റ്റ് കാണാവുന്നതാണ്. കാറ്റഗറി പട്ടിക സംബന്ധിച്ച് സാധുവായ പരാതികൾ കീം ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ ഉൾപ്പെടെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിൽ (ceekinfo.cee@kerala.gov.in) മുഖേന **23.08.2022 ഉച്ചയക്ക് 12.00 മണിക്കകം** അറിയിക്കേണ്ടതാണ്. പരാതിയോടൊപ്പം സർട്ടിഫിക്കറ്റുകളോ അനുബന്ധ രേഖകളോ ഇ-മെയിൽ മുഖേന അയയ്ക്കാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും പുതുതായി ആനുകൂല്യങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഇനി സ്വീകരിക്കുന്നതല്ല. പരാതികൾ ഉള്ള പക്ഷം അവ പരിഹരിച്ചശേഷമുള്ള അന്തിമ കാറ്റഗറി ലിസ്റ്റ് 24.08.2022 ന് പ്രസിദ്ധീകരിക്കുന്നതാണ്.

***കുറിപ്പ്:-***

1. *പ്രോസ്പെക്ടസ് വ്യവസ്ഥ അനുസരിച്ച് കേരളീയരായവർക്ക് (Keralite) മാത്രമാണ് സാമുദായിക/പ്രത്യേക സംവരണത്തിനോ ഫീസ് ആനുകൂല്യങ്ങൾക്കോ അർഹതയുള്ളത്. ആയതിനാൽ കേരളീയനാണെന്ന് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ യഥാസമയം സമർപ്പിക്കാതിരുന്നവരുടെ സംവരണാനുകൂല്യങ്ങൾ റദ്ദ്*

*ചെയ്തിട്ടുണ്ട്. ഇത്തരം അപേക്ഷകരിൽ നേറ്റിവിറ്റിയിൽ അപാകത ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിൽ കാൻഡിഡേറ്റ് പോർട്ടൽ വഴി ആവശ്യമായ രേഖകൾ സമർപ്പിച്ച് നേറ്റിവിറ്റി തെളിയിക്കാമെങ്കിലും റദ്ദ് ചെയ്യപ്പെട്ട ആനുകൂല്യങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതല്ല.*

2. ഭിന്നശേഷി സംവരണം (PD), എൻ.സി.സി, സ്പോർട്സ്, അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് (AG), ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ (LS), എൻ.ആർ.ഐ എന്നീ സംവരണം സംബന്ധിച്ച വിവരങ്ങൾ കാൻഡിഡേറ്റ് പോർട്ടലിൽ പിന്നീട് ലഭ്യമാകുന്നതാണ്.
3. വിവിധ കോഴ്സുകളിലേക്കുള്ള പ്രത്യേകം കാറ്റഗറി ലിസ്റ്റുകൾ അതത് കോഴ്സുകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.19 21:15:15 IST
Reason: Approved

തിരുവനന്തപുരം
**19/08/2022**

**പ്രവേശന പരീക്ഷാ കമ്മീഷണർ**